**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:349** **28.11.2018 -ൽ മറുപടിക്ക്.**

**ഇ-പോസ് മെഷീൻ**

| ചോദ്യം<br>**ശ്രീ.പുരുഷൻ കടലുണ്ടി** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) റേഷൻ കടകളിൽ ഇ-പോസ് മെഷീൻ സ്ഥാപിക്കുന്ന പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീൻ മുഖേന റേഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്. |
| (ബി) ചില റേഷൻ കടകളിൽ നെറ്റ് വർക്ക് ലഭിക്കാത്തതും മെഷീനുകൾ കേടുവരുന്നതും കാരണം സാധാരണക്കാരായ റേഷൻ ഉപഭോക്താക്കൾക്ക് പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇ-പോസ് മെഷീൻ കണക്ടിവിറ്റി പ്രശ്നം മൂലം ചില സമയങ്ങളിൽ പ്രവർത്തിക്കാതിരുന്നത് ശ്രദ്ധയിൽപ്പെട്ട ഉടൻ പ്രശ്നം പരിഹരിക്കപ്പെട്ടിട്ടുണ്ട്. ആയതിനാൽ റേഷൻ വിതരണം മുടങ്ങിയിട്ടില്ല. |
| (സി) എങ്കിൽ ഇവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ? | (സി) നേരത്തെ ഉപയോഗിച്ചുകൊണ്ടിരുന്ന കേരള സ്റ്റേറ്റ് ഐ.റ്റി മിഷന്റെ ക്ലൗഡ് സെർവറുകൾ മാറ്റി 2018 നവംബർ മാസം മുതൽ വകുപ്പ് സ്വന്തമായി വാങ്ങിയ സെർവറുകളിലേക്ക് ഡാറ്റയും ആപ്ലിക്കേഷനുകളും മാറ്റിയിട്ടുണ്ട്. കണക്ടിവിറ്റി പ്രശ്നം ഒഴിവാക്കുന്നതിന് ഓരോ ഇ-പോസ് മെഷീനിലും രണ്ട് സിം ഉപയോഗിക്കുന്നുണ്ട്. ഏതെങ്കിലും റേഷൻ കടയിൽ മെഷീൻ പ്രവർത്തനക്ഷമമല്ലെങ്കിൽ മറ്റേതെങ്കിലും റേഷൻകടയിൽ നിന്നും റേഷൻ വാങ്ങാവുന്ന വിധത്തിൽ "പോർട്ടബിലിറ്റി സംവിധാനം" നടപ്പിൽ വരുത്തിയിട്ടുണ്ട്. ഓരോ മാസത്തെയും റേഷൻ വിതരണം ആവശ്യമെങ്കിൽ ഒന്നോ രണ്ടോ ദിവസം തൊട്ട് പത്തു ദിവസം വരെ നീട്ടിയിട്ടുണ്ട്. |

*സെക്ഷൻ ഓഫീസർ*